ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ 231 ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്. ഒരു മാസം ശരാശരി 21 ബസ് വീതം. ശരാശരി 24 പ്രവർത്തി ദിവസമാണുള്ളത്. മിക്കവാറും പ്രസ്താവന അനുസരിച്ചുള്ള പ്രവർത്തി നടന്നിട്ടുണ്ട്.

## ക്രാഷ് പ്രോഗ്രാമിൽ എടുത്തിട്ടുള്ള റോഡുകൾ

*266 [281] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ക്രാഷ് പ്രോഗ്രാമിൽ എടുത്തു തീർത്തിട്ടുള്ള എത്ര റോഡുകളുണ്ട്;

(ബി) വളരെയേറെ ജനപങ്കാളിത്തത്തോടുകൂടി തീർത്തിട്ടുള്ള ഈ റോഡുകളുടെ ഇന്നത്തെ ശോച്യാവസ്ഥ ഗവൺമെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) പി. ഡബ്ളിയു. ഡി. യും പഞ്ചായത്തും കയ്യൊഴിഞ്ഞ ഈ ജനകീയ റോഡുകളുടെ ശോച്യാവസ്ഥ പരിഗണിച്ച് ഒരു പ്രത്യേക ഫണ്ട് ഇതിൻറെ മെയിൻറനൻസിനെങ്കിലും അനുവദിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളംശ്ശേരി):

(എ) കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ആകെ 265 റോഡുകൾ. ബാക്കി ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ചില റോഡുകൾക്ക് റിപ്പയർ ആവശ്യമായി വന്നിട്ടുണ്ട്.

(സി) ഈ റോഡുകളുടെ മെയിൻറനൻസിനായി വികസന വകുപ്പ് ഓരോ വർഷവും ചെറിയ തോതിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ച് വരുകയും അവ മുഴുവനും ഉപയോഗിക്കുകയും ചെയ്തു വരുന്നുണ്ട്.

## റോഡുകൾ വീതി കൂട്ടാത്തതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ

*267 [282] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ റോഡുകൾ വീതി കൂട്ടാത്തതും വളവുകൾ നിവർക്കാത്തതും മൂലമാണ് റോഡപകടങ്ങളിൽ പലതും ഉണ്ടാകുന്നതെന്ന് ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

: റോഡുകളുടെ വീതിക്കുറവും വളവുകളും റോഡപകടങ്ങൾക്കുള്ള കാരണങ്ങളിൽ ചിലതു മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly